**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **05-12-2022 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി മലയാളികൾ ഏറെയുള്ള സംസ്ഥാനം എന്ന നിലയിലും ദുരന്ത നിവാരണത്തിന് ഉൾപ്പെടെ ഗുണകരമാകും എന്ന നിലയിലും എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | **കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും അതു പ്രകാരം എയർസ്ട്രിപ്പ് നിർമ്മാണത്തിനായുള്ള ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി പഠനത്തിനായി (TEFR) കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയമിക്കുകയും ചെയ്തു. എയർസ്ട്രിപ്പ് പദ്ധതിക്ക് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.**<br><br>**വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന്റേയും കൊല്ലം, കോട്ടയം, പത്തനംതിട്ട, ഗുരുവായൂർ, മലപ്പുറം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് , വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ഹെലിപാഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും ജില്ലാകളക്ടർമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും അയച്ച് കൊടുത്ത് ആവശ്യമായ സാങ്കേതിക വിഭാഗത്തോടൊപ്പം പരിശോധിച്ച് നിർദ്ധിഷ്ടസ്ഥാനങ്ങളുടെ ഉപയോഗക്ഷമത റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഹെലിസേവാ പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ശബരിമല തീർത്ഥാടകർക്കും മലയോര മേഖലയിലെ ദുരന്ത നിവാരണത്തിനും ഇത്തരം എയർ സ്ട്രിപ്പുകൾ അത്യന്താപേക്ഷിതമായതിനാൽ സ്വകാര്യ നിക്ഷേപം ഉൾപ്പെടെ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും അതു പ്രകാരം എയർസ്ട്രിപ്പ് നിർമ്മാണത്തിനായുള്ള ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി പഠനത്തിനായി** |

| | | | |
|---|---|---|---|
| | | | (TEFR) കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയമിക്കുകയും ചെയ്തു. എയർസ്ട്രിപ്പ് പദ്ധതിക്ക് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന്റേയും കൊല്ലം, കോട്ടയം, പത്തനംതിട്ട, ഗുരുവായൂർ, മലപ്പുറം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് , വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ഹെലിപാഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും ജില്ലാകളക്ടർമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും അയച്ചു കൊടുത്ത് ആവശ്യമായ സാങ്കേതിക വിഭാഗത്തോടൊപ്പം പരിശോധിച്ചു നിർദ്ധിഷ്ടസ്ഥാനങ്ങളുടെ ഉപയോഗക്ഷമത റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഹെലിസേവാ പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ